പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2562 | 09.03.2017 ന് മറുപടിയ്ക്ക്.

# മാടായി ഐ.ടി.ഐ. യിലെ ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.കൃഷ്ണൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ മാടായി ഗവൺമെന്റ് ഐ.ടി.ഐ .യിലെ ഹെൽത്ത് & സാനിറ്ററി ഇൻസ്പെക്ടർ കോഴ്സിന് എൻ.സി.വി.റ്റി. യുടെയും പി.എസ്.സിയുടെയും അംഗീകാരമുണ്ടോ;<br><br>(ബി) അംഗീകാരം ഇല്ലെങ്കിൽ അംഗീകാരം ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;<br><br>(സി) നടപടി സ്വീകരിച്ചിട്ടില്ലായെങ്കിൽ പ്രസ്തുത കോഴ്സിന് അംഗീകാരം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | **(എ),(ബി) & (സി)** മാടായി ഐ.ടി.ഐ.യിലെ ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡിന് (HSI) എൻ.സി.വി.റ്റി.യുടെയും പി.എസ്.സി.യുടെയും അംഗീകാരം ഉണ്ട്. എന്നാൽ ആരോഗ്യവകുപ്പിലെയും തദ്ദേശസ്വയംഭരണ വകുപ്പിലെയും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II നിയമനങ്ങൾക്ക് HSI ട്രേഡ് സർട്ടിഫിക്കറ്റ് പരിഗണിക്കാൻ കഴിയില്ല എന്ന് ആരോഗ്യകുടുംബക്ഷേമ വകുപ്പ് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം ടി ട്രേഡിന് പി.എസ്.സി. വഴി തൊഴിൽ സാദ്ധ്യതകൾ നഷ്ടമായി. കൂടാതെ കേരളത്തിൽ സ്വകാര്യമേഖലയിലും/സ്വയംതൊഴിലായും തൊഴിൽ സാദ്ധ്യതകൾ ഇല്ലാത്തതിനാൽ 2015 സെഷൻ മുതൽ HSI ട്രേഡിലെ അഡ്മിഷൻ നടപടികൾ നിർത്തലാക്കിയിരിക്കുന്നു. ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ മേൽ തീരുമാനം പുനപരിശോധിക്കുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത കോഴ്സിലേക്ക് ഇപ്പോൾ പ്രവേശനം നടത്തിവരുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) ടി ട്രേഡ് നിർത്തലാക്കിയ സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നതിനാൽ 2015 സെഷൻ മുതൽ പ്രവേശനം നടത്തുന്നില്ല. |

സെക്ഷൻ ഓഫീസർ